പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: **2642**

18.08.2017-ൽ മറുപടിക്ക്

**മട്ടന്നൂർ നിയോജകമണ്ഡലത്തിലെ മണക്കായി കടവ് പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ഇ.പി.ജയരാജൻ | | ശ്രീ. ജി.സുധാകരൻ<br>(ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) 14.07.2009-ലെ സ.ഉ.(സാധാ) നം. 1044/09/പൊതുമരാമത്ത് നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ച മട്ടന്നൂർ നിയോജകമണ്ഡലത്തിലെ മണക്കായി കടവ് പാലം നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;<br><br>(ബി) നടപ്പ് സാമ്പത്തിക വർഷം മണക്കായി കടവ് പാലം നിർമ്മാണ പ്രവൃത്തി ടെൻഡർ ചെയ്ത് നിർമ്മാണം ആരംഭിക്കുവാൻ കഴിയുമോ എന്ന് വെളിപ്പെടുത്താമോ? | (എ) യും<br><br>(ബി) യും | മണക്കായി കടവ് പാലം 22.32 മീറ്റർ വീതമുള്ള 4 സ്പാനോട് കൂടിയാണ് നിർമ്മിക്കാനുദ്ദേശിക്കുന്നത്. ആയതിൽ ഒരു സ്പാനിന്റെ പ്രവൃത്തി ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി വരുന്ന ഭാഗത്തിന്റെ ഫൗണ്ടേഷൻ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. പഴശ്ശി റിസർവോയർ ഏരിയ ആയതിനാലും വർഷകാലമായതിനാലും ബാക്കി പ്രവൃത്തി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. കാലവർഷം കഴിയുന്നതോടുകൂടി മാത്രമേ ബാക്കിയുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ കഴിയുകയുള്ളൂ. |

S. Bindu

സെക്ഷൻ ഓഫീസർ